(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ എന്നിവരുമായി ചേർന്നും കൂടാതെ ജനമൈത്രീ പോലീസ്, റസിഡന്റ്സ് അസ്സോസിയേഷനുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടുകൂടിയുമാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നത്.

(സി&ഡി) പവർ പോയിന്റ് പ്രസന്റേഷൻ സ്ലൈഡുകളുടെ വീഡിയോ പ്രദർശിപ്പിച്ച് സോഷ്യൽ മീഡിയകളുടെയും, മൊബൈൽ ഫോണുകളുടെയും ദുരുപയോഗംമൂലമുള്ള അപകടങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെ സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും, അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിശദീകരിക്കുന്നു. മൊബൈൽ സുരക്ഷിതമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും Security, Safety & Ethics for Teenagers, Internet Safety Basics എന്നതിനെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നു. കൂടാതെ Chatting with Stranger's e-mail, Social Network site എന്നിവയിൽ എന്തെല്ലാം ചെയ്യാൻ പാടില്ല എന്നതിനെക്കുറിച്ചും ക്ലാസ്സ് എടുക്കുന്നുണ്ട്. കൂടാതെ ഐ.ടി ആക്ടിലെ പ്രധാനപ്പെട്ട വകുപ്പുകളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. സർക്കാർ/പ്രൈവറ്റ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ട്രെയിനിംഗ് സെന്ററുകൾ എന്നിവയ്ക്ക് ആവശ്യാനുസരണം ട്രെയിനിംഗുകൾ കൊടുക്കുന്നുണ്ട്. അത് തുടർന്നും വരുന്നു. കൂടാതെ കാലാകാലങ്ങളിൽ ടി വിഷയത്തിൽ വരുന്ന മാറ്റങ്ങൾ സംബന്ധിച്ച് സർക്കാർ അതത് അവസരങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയുമായി ആശയവിനിമയം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചും വരുന്നു.

നിയമനത്തിൽ സംവരണം

26 (*176) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിൽ സംവരണം ഏർപ്പെടുത്തുന്നതിൽ നിലപാട് അറിയിക്കാമോ ;

(ബി) ആവശ്യമെങ്കിൽ നിയമനിർമ്മാണത്തിലൂടെ ഇതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(സി) ദേവസ്വം ബോർഡ്, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലും സംവരണം പാലിക്കാൻ വേണ്ട നിയമനിർമ്മാണത്തിനു തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) തിരുവിതാംകൂർ, കൊച്ചി, മലബാർ, ദേവസ്വം ബോർഡുകളിലെ കോളേജ്/സ്കൂളുകളിലേക്കുള്ള എല്ലാ നിയമനങ്ങളും ജനറൽ വിഭാഗത്തിൽ നിന്നാണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വത്തിലെ കോളേജ്/സ്കൂളുകളിലേക്കുള്ള നിയമനം ഗുരുവായൂർ ദേവസ്വം ആക്ട് 19 പ്രകാരം 10% എസ്സി,എസ്റ്റി. വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ എല്ലാ ദേവസ്വം ബോർഡുകളിലേക്കുമുള്ള അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലേക്കുള്ള നിയമന ങ്ങൾക്കായി ഒരു ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി

27 (*177) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വിഭാഗം സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നതായുള്ള റിപ്പോർട്ടുകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ സംവിധാനത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും വർദ്ധിച്ചിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഭരണ നിർവ്വഹണത്തിലെ കൊള്ളരുതായ്മകളും കെടുകാര്യസ്ഥതയും നിയന്ത്രിക്കുന്നതിൽ വന്ന പോരായ്മയാണിതിനു കാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അഴിമതിക്കാരായ ഉദ്യോഗസ്ഥരെ വകുപ്പുകളുടെ നേതൃസ്ഥാനത്ത് നിയോഗിക്കാതിരിക്കാനും മറ്റു സ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യാനും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ; തെറ്റായ രീതിയിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കിയെന്ന് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടാൽ ഉടൻ ചോദ്യം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; ഉന്നതർക്കെതിരെയുള്ള ഇന്റലിജൻസ് റിപ്പോർട്ട് ഗൗരവമായി പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഏതെങ്കിലും പ്രത്യേക വിഭാഗം സർക്കാർ ഉദ്യോഗസ്ഥർ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly